**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1390** **08-12-2022 - ൽ മറുപടിയ്ക്ക്**

**ബ്രിഡ്ജുകളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട കേളിത്തോട് ബ്രിഡ്ജ്, മുപ്ലിയം ബ്രിഡ്ജ്, ഉഴിഞ്ഞാൽപ്പാടം ബ്രിഡ്ജ്, കച്ചേരിക്കടവ് ബ്രിഡ്ജും അപ്രോച്ച് റോഡും, ചക്കാലക്കടവ് ബ്രിഡ്ജ്, നെല്ലായി ഇറിഗേഷൻ കടവ് ബ്രിഡ്ജ് എന്നിവയുടെ നിർമ്മാണത്തിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകളിലെ നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ; | (എ) | **കേളിത്തോട് പാലം**<br><br>കേളിത്തോട് പാലം പുനർ നിർമ്മിക്കുന്നതിനുവേണ്ടി 106.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ ഭരണാനുമതി പുതുക്കി നൽകുന്നതിനുള്ള എസ്റ്റിമേറ്റ് സർക്കാരിൽ പരിശോധിച്ചു വരുന്നു.<br><br>**മുപ്ലിയം പാലം**<br><br>പുനർനിർമ്മാണത്തിന് ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾ പൂർത്തീകരിച്ച് റിപ്പോർട്ട് റോഡ്സ് & ബ്രിഡ്ജസ് മുഖേന 2018-ൽ സമർപ്പിച്ചിട്ടുള്ളതും പാലത്തിന്റെ അലൈൻ മെന്റിന് അംഗീകാരം നൽകിയിട്ടുള്ളതുമാണ്. പാലം നിലവിൽ ഗതാഗതയോഗ്യമാണ്.<br><br>**ഉഴിഞ്ഞാൽപ്പാടം പാലം**<br><br>ഉഴിഞ്ഞാൽപ്പാടം പാലം പുതുക്കാട് - മുപ്ലിയം കോടാലി റോഡിൽ Km 1/200 ൽ വരുന്നതാണ്. 18.2 km ദൈർഘ്യമുള്ള പ്രസ്തുത റോഡിന് 59.2 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. എന്നാൽ ഉഴിഞ്ഞാൽപ്പാടം പാലം ഈ പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടില്ല.<br><br>പാലത്തിന്റെ കാലപ്പഴക്കവും, വീതി ഇല്ലായ്മയും കാരണം പുതുക്കി പണിയേണ്ടത് അത്യാവശ്യമാണ് എന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.ആർ.എഫ്.ബി.-പി.എം.യു., എറണാകുളം/ തൃശ്ശൂർ, റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ റോഡിനോടൊപ്പം പാലം കൂടി ഉൾപ്പെടുത്തി പുതുക്കാട് മുപ്ലിയം കോടാലി റോഡ് പ്രവൃത്തിയുടെ സാമ്പത്തി കാനുമതി പുതുക്കി നൽകുന്നതിനായി |

| | | | |
|---|---|---|---|
| | | | കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന് അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയും.<br><br>**<u>കച്ചേരിക്കടവ് പാലവും അനുബന്ധ റോഡും</u>**<br><br>ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തിയാകാ ത്തത് മൂലം കരാറുകാരനെ ഈ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. Bridge proper work പൂർത്തീകരിച്ചിരുന്നു. വരന്തരപ്പിള്ളി സൈഡ് അനുബന്ധറോഡിന്റെ നിർമ്മാണ ത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. അനുബന്ധ റോഡിന്റെ നിർമ്മാണത്തിനായും പാലത്തിന്റെ പെയിന്റിംഗ് ഉൾപ്പടെ ബാക്കിയുള്ള പ്രവൃത്തികൾക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനപടികൾ സ്വീകരിച്ച് വരുന്നു.<br><br>**<u>ചക്കാലക്കടവ് പാലം</u>**<br><br>തൃശ്ശൂർ ജില്ലയിലെ പുതുക്കാട് നിയോജക മണ്ഡലത്തിലെ കുറുമാലി പുഴയ്ക്ക് കുറുകെയുള്ള ചക്കാലക്കടവ് പാലം നിർമ്മിക്കുന്നതിന് 952 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി പുതുക്കി നൽകുന്നതിന് വേണ്ടി 1160 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു.<br><br>**<u>നെല്ലായിലിഫ്റ്റ് ഇറിഗേഷൻ കടവ് പാലം</u>**<br><br>തൃശ്ശൂർ ജില്ലയിലെ പുതുക്കാട് നിയോജക മണ്ഡലത്തിലെ കുറുമാലി പുഴയ്ക്ക് കുറുകെയുള്ള നെല്ലായി ലിഫ്റ്റ് ഇറിഗേഷൻ കടവ് പാലം നിർമ്മിക്കുന്നതിന് 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി പുതുക്കി നൽകുന്നതിന് വേണ്ടി 560 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. NHAI യിൽ നിന്നും NOC ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ബ്രിഡ്ജുകളുടെ നിർമ്മാണത്തിനായി പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനും, നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ